കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- തലശ്ശേരി മണ്ഡലം-കൊട്ടുവള്ളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനു പുതിയ കെട്ടിടം നിർമ്മാണം-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1130/17/തസ്വഭവ തിരുവനന്തപുരം, തീയതി :11.04.2017

---

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്
2.05/03/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെ
ഡി.ബി5-2018/17/വി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ. കൊടിയേരി ബാലകൃഷ്ണന്റെ 2015-16 ആസ്തി വികസനഫണ്ടിൽ **കൊട്ടുവള്ളിവൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനു പുതിയ കെട്ടിട നിർമ്മാണം** എന്ന പ്രവൃത്തിയ്ക്ക്ആകെ അടങ്കൽ തുകയായ ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **തലശ്ശേരി** നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ.കൊടിയേരി ബാലകൃഷ്ണന്റെ 2015-16 ആസ്തി വികസന ഫണ്ടിൽ **കൊട്ടുവള്ളിവൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനു പുതിയ കെട്ടിടനിർമ്മാണം** എന്ന പ്രവൃത്തിയ്ക്ക്ആകെ അടങ്കൽ തുകയായ ഒരു കോടി രൂപയ്ക്ക് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് ടി പ്രോജക്റ്റുകളിൽ lump sum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവ് യഥാർത്ഥ ചെലവുമായി ക്രമീകരിക്കേണ്ടതും നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായും ആയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് '**4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി. എസ്**'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹനകുമാർ**
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം. 17/എൻ.സി.സി.3/17/ധന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ